# കേരള സർവകലാശാല

നം. പി.ആർ.026/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### മാർച്ച് 14, 15 തീയതികളിൽ സെനറ്റ് യോഗം : സമർപ്പിക്കേണ്ട രേഖകൾ അംഗീകരിച്ചു

കേരള സർവകലാശാല സെനറ്റ് യോഗം മാർച്ച് 14, 15 തീയതികളിൽ നടക്കും. ഈ യോഗത്തിൽ സമർപ്പിക്കപ്പെടേണ്ട എല്ലാ രേഖകളും തയ്യാറായിട്ടുണ്ട്.

വാർഷിക കണക്കുകൾ, വാർഷിക റിപ്പോർട്ട്, സെനറ്റ് അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങൾ, അവയുടെ ഉത്തരങ്ങൾ തുടങ്ങിയ രേഖകൾ, മാർച്ചിൽ നടക്കുന്ന സെനറ്റ് യോഗത്തിൽ സമർപ്പിക്കണമെന്നത് സ്റ്റാറ്റ്യൂട്ടറിയാണ്. ഈ രേഖകൾ എല്ലാം തന്നെ ഫെബ്രുവരി 29–ന് നടന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചിരുന്നു. എന്നാൽ, സർവകലാശാലാ ഭരണം സ്തംഭിപ്പിക്കണമെന്ന വാശിയോടെ ചുരുക്കം ചില അംഗങ്ങൾ സിൻഡിക്കേറ്റ് യോഗം അലങ്കോലപ്പെടുത്തിയതിനാൽ ഈ സുപ്രധാന രേഖകൾ പരിഗണിക്കപ്പെട്ടില്ല.

അതേ സമയം മാർച്ചിൽ നടക്കുന്ന സെനറ്റ് യോഗത്തിൽ ഈ രേഖകൾ സമർപ്പിച്ചില്ലായെങ്കിൽ 2016–17 വർഷത്തെ പ്രവർത്തനം തടസ്സപ്പെടും. ഈ രേഖകളുടെ പകർപ്പുകൾ കൈവശമുള്ള സിൻഡിക്കേറ്റ് അംഗങ്ങൾ ബന്ധപ്പെട്ട രേഖകളിലെ ഉള്ളടക്കത്തെക്കുറിച്ച് തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുമില്ല. സെനറ്റ് അംഗങ്ങൾക്കിടയിൽ ഈ രേഖകൾ നേരത്തെ വിതരണം നടത്തിയിരിക്കേണ്ടതുമുണ്ട്.

ഈ അടിയന്തിര സാഹചര്യം മുൻനിർത്തി ബന്ധപ്പെട്ട രേഖകളും അനുബന്ധ പേപ്പറുകളും സർവകലാശാല നിയമം വഴി വൈസ് ചാൻസലറിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് അംഗീകരിച്ചിരിക്കുകയാണ്. സർവകലാശാല പ്രവർത്തനത്തെക്കുറിച്ച് നേരത്തെ സമർപ്പിച്ച സെനറ്റ് അംഗങ്ങളുടെ ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട അധികാരികൾ നൽകിയ ഉത്തരങ്ങളും ഇതിൽപ്പെടുന്നു. ഇക്കാര്യത്തിൽ സെനറ്റ് അംഗങ്ങളുടെ സവിശേഷാവകാശത്തിന് ഭംഗം വരാൻ പാടില്ലെന്ന് രേഖപ്പെടുത്തിയാണ് വൈസ് ചാൻസലർ ബന്ധപ്പെട്ട ഫയലിൽ അംഗീകാരം നൽകിയിട്ടുള്ളത്.

### മാർജിനൽ ഇൻക്രീസ്: അപേക്ഷ സമർപ്പിക്കണം

കേരള സർവകലാശാലയുടെ കീഴിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് 2016–17 അധ്യയനവർഷത്തേക്കുള്ള മാർജിനൽ ഇൻക്രീസിനുള്ള അപേക്ഷകൾ പ്രിൻസിപ്പൽ മുഖാന്തിരം മാർച്ച് 11–നകം സമർപ്പിക്കണം. അപേക്ഷകൾ jrugonline@gmail.com എന്ന ഇ–മെയിൽ വഴിയും അപേക്ഷയുടെ ഹാർഡ് കോപ്പി രജിസ്ട്രാർ, കേരള സർവകലാശാല, പാളയം, തിരുവനന്തപുരം – 695 034 എന്ന വിലാസത്തിൽ മാർച്ച് 11–നകം നൽകണം.

### എം.വി.എ പരീക്ഷ

കേരള സർവകലാശാല മാർച്ച് 22–ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ് ആൻഡ് മാസ്റ്റർ ഓഫ് വിഷ്വൽ

ആർട്സ് ഇൻ ആർട് ഹിസ്റ്ററി പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 10 (50 രൂപ പിഴയോടെ മാർച്ച് 11, 250 രൂപ പിഴയോടെ മാർച്ച് 14) വരെ അപേക്ഷിക്കാം.

## ബി.എഫ്.എ പരീക്ഷ

കേരള സർവകലാശാല മാർച്ച് 29-ന് തുടങ്ങുന്ന ഒന്നും അവസാന വർഷ ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 14 (50 രൂപ പിഴയോടെ മാർച്ച് 15, 250 രൂപ പിഴയോടെ മാർച്ച് 16) വരെ അപേക്ഷിക്കാം.

## എം.പി.ഇ പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ അഞ്ചിന് തുടങ്ങുന്ന എം.പി.ഇ (പ്രീവിയസ്), ഏപ്രിൽ നാലിന് തുടങ്ങുന്ന എം.പി.ഇ (ഫൈനൽ) പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 15 (50 രൂപ പിഴയോടെ മാർച്ച് 17, 250 രൂപ പിഴയോടെ മാർച്ച് 19) വരെ അപേക്ഷിക്കാം.

## എം.ഫിൽ പ്രവേശനം

കേരള സർവകലാശാലയിലേയും യൂണിവേഴ്സിറ്റി കോളേജിലേയും വിവിധ പഠനവകുപ്പുകളിലേക്ക് എം.ഫിൽ പ്രവേശനപ്പരീക്ഷയ്ക്ക് ഓൺലൈനായി ഏപ്രിൽ നാല് വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) ലഭിക്കും.

## എം.ഫിൽ പ്രവേശനപ്പരീക്ഷ

കേരള സർവകലാശാലയിലേയും യൂണിവേഴ്സിറ്റി കോളേജിലേയും വിവിധ പഠനവകുപ്പുകളിലേക്ക് ഏപ്രിൽ 18-ന് നടത്തുന്ന എം.ഫിൽ പ്രവേശനപ്പരീക്ഷയ്ക്ക് അപേക്ഷ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ട തീയതി മാർച്ച് രണ്ട്. ഓൺലൈനായി അപേക്ഷിക്കേണ്ട തീയതി ഏപ്രിൽ നാല്.

## എം.എ ആർക്കിയോളജി ഫലം

കേരള സർവകലാശാല കാര്യവട്ടം ആർക്കിയോളജി പഠനവകുപ്പിൽ നടത്തിയ തടഞ്ഞുവെച്ചിരുന്ന എം.എ ആർക്കിയോളജി (2013-15) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## പ്രതിഫലം കൈപ്പറ്റണം

കേരള സർവകലാശാല ഒക്ടോബറിൽ കൊല്ലം കെ.യു.സി.ടി.ഇ-യിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് മൂല്യനിർണ്ണയ ക്യാമ്പിൽ പങ്കെടുത്ത അദ്ധ്യാപകർ മാർച്ച് 10, 11 തീയതികളിൽ കൊല്ലം കെ.യു.സി.ടി.ഇ-യിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ മൂല്യനിർണ്ണയ ക്യാമ്പിൽ നിന്നും ചെക്ക് കൈപ്പറ്റണം.

## ഒ.എൻ.വി കാവ്യാസ്വാദന സദസ്സ്

കേരള സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഒ.എൻ.വി കാവ്യാസ്വാദന സദസ്സ് പ്രമുഖ സാഹിത്യകാരൻ പിരപ്പൻകോട് മുരളി ഉദ്ഘാടനം ചെയ്തു. രജിസ്ട്രാർ ഡോ. എം. ജയപ്രകാശ് ആദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ ഡോ. എം.എ സിദ്ദിക്, ഡോ. ഡൊമനിക് സി കാട്ടൂർ, ഡോ. റീജാ രവീന്ദ്രൻ എന്നിവർ പ്രഭാഷണം നടത്തി.

## മേജർ റിസർച്ച് പ്രോജക്ട് : ഡെപ്യൂട്ടി ഡയറക്ടർ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പിൽ ഐ.സി.എസ്.എസ്.ആർ കോസ്റ്റൽ സെക്യൂരിറ്റി ഓഫ് ഇൻഡ്യ മേജർ റിസർച്ച് പ്രോജക്ടിൽ ഡെപ്യൂട്ടി ഡയറക്ടർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: 55% മാർക്കിൽ കുറയാതെ സോഷ്യൽ സയൻസിൽ ബിരുദാനന്തര ബിരുദം. അല്ലെങ്കിൽ തത്തുല്യം. യു.ജി.സി നെറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണന. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

(ഒപ്പ്)

ഡോ. ലാൽ സി.എ.
പബ്ലിക് റിലേഷൻസ് ഓഫീസർ

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
03.03.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**